**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്. - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനത്തിന് അപേക്ഷയോടൊപ്പം 'സംരക്ഷണ സമ്മതമൊഴി' സമർപ്പിക്കണമെന്ന വ്യവസ്ഥ നിലവിൽ സേവനത്തിൽ തുടരുന്ന ജീവനക്കാർക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഉപദേശ-സി) വകുപ്പ്**

സ.ഉ. (കൈ) നം. 11/2024/P& ARD തിരുവനന്തപുരം, തീയതി : 24-06-2024

==================================================================

പരാമർശം:- 1) 24.05.1999 ലെ സ.ഉ.( പി)നം. 12/ 99/ പി&എ.ആർ.ഡി

2) 21.02.2018 ലെ സ.ഉ (കൈ)നം. 5/ 2018/ ഉഭപവ

3) 14.7.2023 ലെ സ.ഉ(പി)നം. 12/ 2023/ പി&എ.ആർ.ഡി

4) 9.11.2023 ലെ സ.ഉ (കൈ)നം. 21/ 2023/ പി&എ.ആർ.ഡി

**ഉത്തരവ്**

സംസ്ഥാന സർക്കാർ സർവീസിൽ ജോലി ചെയ്യവരവെ മരണമടയുന്ന ജീവനക്കാരുടെ മാതാവ്/പിതാവ് ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ മരണപ്പെട്ട ജീവനക്കാരുടെ മാതാവ്/പിതാവ്/ വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും അവിവാഹിതയായ സഹോദരി/ അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതു വരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സംരക്ഷണ സമ്മതമൊഴി കൂടി ആശ്രിത നിയമനത്തിനുള്ള അപേക്ഷയോടൊപ്പം. സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതരെ സംരക്ഷിക്കാമെന്ന സംരക്ഷണ സമ്മതമൊഴി നൽകി സർക്കാർ സർവ്വീസിൽ പ്രവേശിച്ച ശേഷം. ആയത് ലംഘിക്കുന്ന ജീവനക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും ടി ജീവനക്കാരുടെ പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് ധനസഹായമായി നൽകുന്നത് സംബന്ധിച്ചും പൊതുവ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.



File No. DT/2984/2024-A5 (Computer No. 473073)

3. മരണമടഞ്ഞ ജീവനക്കാരുടെ മാതാവ്/ പിതാവ് ഒഴികെയുള്ളവർ ആശ്രിതനിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ അപേക്ഷകർ, ജീവനക്കാരുടെ മാതാവ്/ പിതാവ് /വിധവ/ വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും ടി ജീവനക്കാരുടെ ആശ്രിതരായ മക്കളെയും സഹോദരങ്ങളെയും പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് എന്ന് പരാമർശം (2) ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം (4) ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

4. എന്നാൽ പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനു മുൻപ് സർവ്വീസിൽ പ്രവേശിച്ചവരുടെ ആശ്രിതർക്ക് ടി ഉത്തരവുകൾ പ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നില്ല എന്നുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്കുള്ള ഒരു സാമൂഹ്യക്ഷേമ നടപടി എന്ന നിലയ്ക്കാണ് ആശ്രിത നിയമന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അതിനാൽ ടി വ്യവസ്ഥ പ്രകാരം കുടുംബത്തിലെ ഒരാളിന് നിയമനം നൽകുന്നതിലൂടെ മറ്റ് ആശ്രിതരുടെ ക്ഷേമം കൂടി ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിനാൽ പരാമർശ ഉത്തരവിലെ വ്യവസ്ഥകൾ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിച്ച എല്ലാ ജീവനക്കാർക്കും ബാധകമാക്കുന്നത് ഉചിതമാണെന്ന് സർക്കാർ മനസ്സിലാക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (2),(3),(4) എന്നീ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിച്ച് സേവനത്തിൽ തുടരുന്ന എല്ലാ ജീവനക്കാർക്കും ബാധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ജീവനക്കാർ പരാമർശം (4) ഉത്തരവ് പ്രകാരമുള്ള 'സംരക്ഷണ സമ്മതമൊഴി' ഓഫീസ് മേധാവി മുൻപാകെ സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് നിയമനാധികാരി മുഖേന സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും.



ile No. DT/2984/2024-A5 (Computer No. 473073)
Generated from eOffice by JAYAKUMAR K, A5 - DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 02/07/2024 11:25 AM